# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആവോലി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി8-985/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 27/08/2021
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആവോലി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആവോലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആവോലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി8-985/2021 തീയ്യതി: 27/08/2021

## എറണാകുളം ജില്ലയിലെ ആവോലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആവോലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-07-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ.കെ.വിനോദ് | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 15-07-2021 | 16-07-2021 |
| ശ്രീ. കെ.എ.ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 19-07-2021 | 29-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-07-2021 | 29-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. വിജയകുമാർ എൻ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ. സുരേഷ് എസ്., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. രാജീവ് ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. നവാസ് സി.എം., സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീ. അനീഷ് ടി.എസ്., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജോർഡി വർഗ്ഗീസ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി.ഷെൽമി ജോൺസ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി.ഷൈബ ഗോപാൽ | സെക്രട്ടറി | 01-04-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുനിത.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.ബിജി പി.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.വിക്ടോജൂബിൻ വർഗ്ഗീസ് | വെറ്ററിനറി സർജൻ | 01-04-2020 | 05-03-2021 |
| ഡോ.ബോബി പോൾ | വെറ്ററിനറി സർജൻ | 06-03-2021 | 31-03-2021 |
| ഡോ.പ്രിയ ബെൽരാജ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2020 | 31-03-2021 |
| ഡോ. സി ആർ മിനി | മെഡിക്കൽ ഓഫീസർ ആയുർവേദ ആശുപത്രി | 01-04-2020 | 31-03-2021 |
| ഡോ.എമിൽ പി എ | മെഡിക്കൽ ഓഫീസർ ആയുർവേദ ആശുപത്രി | 01-04-2020 | 31-03-2021 |
| ശ്രീമതി.ശ്രീല ഗോവിന്ദ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ലീല പി പി | ഹെഡ് മാസ്റ്റർ. | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി.വൽസല.പി.റ്റി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 29-04-2020 |
| ശ്രീമതി. ലിജി പി എ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 30-04-2020 | 31-03-2021 |
| ശ്രീ.മുഹമ്മദ് ഷെഫീക്ക് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , ആനിക്കാട് | 01-04-2020 | 18-06-2020 |
| ആൽബി ജോർജ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , ആനിക്കാട് | 19-06-2020 | 16-08-2020 |
| ശ്രീ.പ്രിയരഞ്ജൻ.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , ആനിക്കാട് | 17-08-2020 | 08-02-2021 |
| ശ്രീ.ജിതിൻ കെ മങ്ങാട്ട് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , ആനിക്കാട് | 09-02-2021 | 11-02-2021 |
| ശ്രീമതി.ഗീതു അനിൽകുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , ആനിക്കാട് | 12-02-2021 | 31-03-2021 |
| ശ്രീ. മുഹമ്മദ് ഷെഫീക്ക് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ആവോലി | 01-04-2020 | 18-06-2020 |
| ശ്രീമതി നീന ബി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ആവോലി | 19-06-2020 | 16-08-2020 |
| ശ്രീ. പ്രിയരഞ്ജൻ ആർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ആവോലി | 17-08-2020 | 08-02-2021 |
| ശ്രീ. ജിതിൻ കെ. മങ്ങാട്ട് | വില്ലേജ് എക്സ്റ്റൻഷൻ | 09-02-2021 | 11-02-2021 |

| | | | |
|---|---|---|---|
| | ഓഫീസർ, ആവോലി | | |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: N.Vijayakumar (Audit Officer (HG), On 29-07-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 29-07-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Rajeev.R (Senior Grade Auditor, On 29-07-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 02-08-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം )<br>Written By: Rajeev.R (Senior Grade Auditor, On 29-07-2021)<br>Last Updated By: Rajeev.R (Senior Grade Auditor, On 29-07-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: S.Suresh (Audit Officer, On 29-07-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 02-08-2021) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: N.Vijayakumar (Audit Officer (HG), On 29-07-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 02-08-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: N.Vijayakumar (Audit Officer (HG), On 29-07-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 29-07-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: C.M.Navas (Auditor, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 12-08-2021) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: N.Vijayakumar (Audit Officer (HG), On 29-07-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 29-07-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: N.Vijayakumar (Audit Officer (HG), On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 11-08-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: N.Vijayakumar (Audit Officer (HG), On 29-07-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 29-07-2021) | 1-10 |
| 11 | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല<br>Written By: Aneesh T S (Auditor, On 28-07-2021)<br>Last Updated By: Joby George (Computer Assistant, On 27-08-2021) | 1-11 |
| 12 | സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടക്കാത്തതു സംബന്ധിച്ച്<br>Written By: Aneesh T S (Auditor, On 28-07-2021)<br>Last Updated By: Joby George (Computer Assistant, On 27-08-2021) | 1-12 |
| 13 | കെട്ടിട നികുതി നിർണ്ണയിച്ചതിലെ അപാകത<br>Written By: Aneesh T S (Auditor, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 27-08-2021) | 1-13 |
| 14 | യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിന് യന്ത്രത്തിന്റെ കുതിരശക്തിക്കനുസൃതമായി ഫീസ് ചുമത്തിയിട്ടില്ല<br>Written By: Aneesh T S (Auditor, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 27-08-2021) | 1-14 |
| 15 | സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റ്/ലൈസൻസ് ലഭ്യമാക്കേണ്ടതാണ്<br>Written By: Aneesh T S (Auditor, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 27-08-2021) | 1-15 |
| 16 | ലൈസൻസ് ഫീ ഈടാക്കിയതിലെ അപാകതകൾ<br>Written By: Aneesh T S (Auditor, On 29-07-2021) | 1-16 |

| | | |
|---|---|---|
| | Last Updated By: Aneesh T S (Auditor, On 02-08-2021) | |
| 17 | ലൈസൻസ് പുതുക്കിയതിന്റെ രേഖകൾ ലഭ്യമല്ല<br>Written By: Aneesh T S (Auditor, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 27-08-2021) | 1-17 |
| 18 | കരാറുകാരന് അധിക തുക നല്കി<br>Written By: Rajeev.R (Senior Grade Auditor, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 27-08-2021) | 1-18 |
| 19 | റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ ടാറിംഗ് പ്രവൃത്തികൾ - ടാർ വീപ്പയുടെ വില തനത് ഫണ്ടിൽ നിൽക്കുന്നു<br>Written By: S.Suresh (Audit Officer, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 11-08-2021) | 1-19 |
| 20 | തെരുവ് വിളക്കുകളുടെ പ്രവർത്തനം - പരാതി രജിസ്റ്റർ ലഭ്യമാക്കിയില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 11-08-2021) | 1-20 |
| 21 | ജെന്റർ റിസോഴ്സ് സെന്ററിലേയ്ക്ക് ഫർണ്ണീച്ചർ - ഫർണ്ണീച്ചറിന്റെ സ്റ്റോക്ക്, വിതരണ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 11-08-2021) | 1-21 |
| 22 | എസ് .എൽ .ഐ. പ്രീമിയം മിനിമം തുക അടയ്ക്കുന്നില്ല.<br>Written By: C.M.Navas (Auditor, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 27-08-2021) | 1-22 |
| 23 | വെള്ളക്കരം - വലിയ തുക കുടിശ്ശികയായി നിൽക്കുന്നു.<br>Written By: N.Vijayakumar (Audit Officer (HG), On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 11-08-2021) | 1-23 |
| 24 | ഗ്രാമ പഞ്ചായത്തിൽ ഫെറി നടത്തിപ്പ് – അപാകതകൾ<br>Written By: C.M.Navas (Auditor, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 17-08-2021) | 1-24 |
| 25 | ഫാമിലി ഹെൽത്ത് സെന്ററിന് വിഹിതം നൽകൽ -<br>Written By: N.Vijayakumar (Audit Officer (HG), On 29-07-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 30-07-2021) | 1-25 |
| 26 | സർക്കാർ ഉത്തരവിന് വിരുദ്ധമായി താത്ക്കാലിക നിയമനം നടത്തി<br>Written By: C.M.Navas (Auditor, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 12-08-2021) | 1-26 |
| 27 | അംഗനവാടി പൂരക പോഷകാഹാരം - പ്രൊജക്ട് അടങ്കലിൽ കൂടുതൽ തുക ചെലവാക്കി<br>Written By: C.M.Navas (Auditor, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 27-08-2021) | 1-27 |
| 28 | എസ്.എസ്.എ വിഹിതം -ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Rajeev.R (Senior Grade Auditor, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 12-08-2021) | 1-28 |
| 29 | ഓഡിറ്റ് ഇംപാക്ട്<br>Written By: S.Suresh (Audit Officer, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 27-08-2021) | 1-29 |
| **ഭാഗം 2** | | |
| 1 | കെട്ടിട നികുതി നിർണ്ണയിച്ചതിലെ അപാകത<br>Written By: Aneesh T S (Auditor, On 02-08-2021)<br>Last Updated By: Joby George (Computer Assistant, On 27-08-2021) | 2-1 |
| **ഭാഗം 3** | | |
| 1 | കരാറുകാരന് അധിക തുക നല്കി | 3-1 |

| | | |
|---|---|---|
| | Written By: Rajeev.R (Senior Grade Auditor, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 12-08-2021) | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം<br>Written By: N.Vijayakumar (Audit Officer (HG), On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 12-08-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: N.Vijayakumar (Audit Officer (HG), On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 12-08-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: N.Vijayakumar (Audit Officer (HG), On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 12-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: N.Vijayakumar (Audit Officer (HG), On 29-07-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 29-07-2021) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: N.Vijayakumar (Audit Officer (HG), On 29-07-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 29-07-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: N.Vijayakumar (Audit Officer (HG), On 29-07-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 29-07-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: N.Vijayakumar (Audit Officer (HG), On 29-07-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 29-07-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: N.Vijayakumar (Audit Officer (HG), On 29-07-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 29-07-2021) | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം<br>Written By: N.Vijayakumar (Audit Officer (HG), On 29-07-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 29-07-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: N.Vijayakumar (Audit Officer (HG), On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 27-08-2021) | 4-10 |
| 11 | തീർപ്പാക്കുവാൻ ശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: N.Vijayakumar (Audit Officer (HG), On 30-07-2021)<br>Last Updated By: Joby George (Computer Assistant, On 12-08-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്.

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 27.03.2020ലെ 1(1)നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2020-21 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 4402356 |
| വരവ് | 146442000 |
| ആകെ | 150844356 |
| ചെലവ് | 148876300 |
| നീക്കിയിരിപ്പ് | 1968056 |

സ്ഥാപനത്തിന്റെ 2020-21 ലെ പുതുക്കിയ ബജറ്റ് 20.02.21 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1(1)നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബഡ്ജറ്റ് പ്രകാരമുള്ള ആകെ വരവ് 221256675/-രൂപയും, ചെലവ് 223437513/- രൂപയുമാണ്.

ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.12.2016 ലെ ജി.ഒ.(ആർ.ടി.)3291/2016 നമ്പരായി പ്രസിദ്ധീകരിച്ച ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

2. ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയിട്ടില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല.

3.ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായ് പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2019-20 ലെ പഞ്ചായത്ത് ബജറ്റ് 2019 ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല. അപാകതകൾ പരിഹരിച്ച് ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2020-21 | 31.07.2021 | 20.05.2021 |

ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1)വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B4 പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകയിലെ 31.3.21 ലെ നീക്കിയിരുപ്പ് 346124/- രൂപയാണ്. എന്നാൽ പ്രസ്തുത അക്കൗണ്ടിലെ 31.3.21 ലെ നീക്കിയിരുപ്പ് 47024/- രൂപയാണ്. വ്യത്യാസം വ്യക്തമാക്കേണ്ടതാണ്.

2) ഇ-ടെണ്ടർ ഫോറ ഇനത്തിൽ ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക ഡിമാന്റ് ചെയ്ത് ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ I-5(B) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റെസീവബിൾസ് (കറന്റ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

3) അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയുടെ കൂടെ ഉള്ളടക്കം ചെയ്തിട്ടില്ല.

4) സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 17853689 |
| വരവ് | 60208205 |
| ആകെ | 78061894 |
| ചെലവ് | 60852800 |

| | |
|---|---|
| നീക്കിയിരിപ്പ് | 17209094 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (*) | | 10935000 | 10935000 | 10382183 | 552817 |
| വികസന ഫണ്ട്-എസ്.സി.പി (*) | | 2278000 | 2278000 | 1567355 | 710645 |
| വികസന ഫണ്ട്-ടി.എസ്.പി | | 156000 | 156000 | -- | 156000 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(*) | | 11962232 | 11962232 | 5180103 | 6782129 |
| മെയിന്റനൻസ് ഫണ്ട് റോഡ് | | 18787000 | 18787000 | 18169107 | 617893 |
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് | | 4070409 | 4070409 | 3265351 | 805058 |
| സാക്ഷരത | 9512 | 289 | 9801 | -- | 9801 |
| സാനിട്ടേഷൻ | 1758300 | 1966134 | 3724434 | 316942 | 3407492 |
| അംഗൻ വാടി പൂരക പോഷകാഹാരം | 1603498 | 377325 | 1980823 | 1828710 | 152113 |

(*) വികസന ഫണ്ട് ജനറൽ , എസ്.സി.പി, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയിലെ വരവ് ചെലവുകളിൽ ജി.ഒ പ്രൊജക്ട് പ്രകാരമുള്ള തുകയും ഉൾപ്പെട്ടിട്ടുള്ളതാണ്.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 236 | 142985689 | 175 | 47779751 | 30 | 31 | 74.15% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3017 | 503770 | 506787 | 504174 | 2613 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 18675335 | 18675335 | 18675335 | -- |
| ആകെ | 3017 | 19179105 | 19182122 | 19179509 | 2613 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2373200 | 176 |
| വിധവാപെൻഷൻ | 8203100 | 577 |
| വാർദ്ധക്യകാലപെൻഷൻ | 17799300 | 1417 |
| വികലാംഗപെൻഷൻ | 2955100 | 195 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 374300 | 26 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.07.2021ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19903/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത

ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. സേവനങ്ങളുടെ നിരീക്ഷണ സംവിധാനം സൂചിക സോഫ്റ്റ്‌വെയറിലൂടെ നിരീക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ പൂർണ്ണതയിൽ എത്തിക്കുവാൻ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലുണ്ടായിട്ടുള്ള ചില പോരായ്മകൾ താഴെ പറയുന്നു.

1.തെരുവ് വിളക്കുകളുടെ എണ്ണം, ഇനം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സർക്കാർ നിർദ്ദേശ പ്രകാരമുള്ള പരാതി രജിസ്റ്ററും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2.തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച പ്രവർത്തനങ്ങളിൽ വാർഡ് മെമ്പർമാരുടെ മോണിറ്ററിംഗ് ഫലപ്രദമായി നടത്തപ്പെടുന്നില്ല.

3.പൊതുടാപ്പുകളുടെ എണ്ണം, പ്രവർത്തനക്ഷമത എന്നിവ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല.

4.ഡെപ്പോസിറ്റ് വർക്കുകൾക്കായി മുൻവർഷങ്ങളിൽ തുക മുൻകൂറായി നൽകിയിട്ടുണ്ടെങ്കിലും പദ്ധതികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ടി വിഷയത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

5.സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല. ഓഡിറ്റ് വർഷം വാങ്ങിയിട്ടുള്ള എൽ.ഇ.ഡി ലൈറ്റുകൾ, ഫർണ്ണീച്ചറുകൾ എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി പരിശോധിക്കുകയോ, വർഷാന്ത്യ സ്റ്റോക്ക് പരിശോധന സാക്ഷ്യപത്രം തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

6.ഇലക്ട്രോണിക് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആവശ്യമായ വിവരങ്ങളൊന്നും തന്നെ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ ആകെയുള്ള കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, ലാപ് ടോപ്പുകൾ, നിലവിൽ പ്രവർത്തനക്ഷമമായവ, എ.എം.സി വിവരങ്ങൾ, തകരാറുകൾ പരിഹരിച്ചതിന്റെ വിവരങ്ങൾ എന്നിവയൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.01.2021 | 2/20 മുതൽ 12/20 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8.12.2017 – 29.12.2017 | 2012-13 മുതൽ 2016-17 വരെ | 1.03.2018 |

## 1-11 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാകും. എന്നാൽ, ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2020-21 സാമ്പത്തീക വർഷത്തിൽ തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നു സംബന്ധിച്ച് 10/2020-21 തിയതി 23/07/21 നം ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി നൽകിയ സി2-1842/21 തിയതി 27/07/21 നം മറുപടിയിൽ അറിയിച്ചിരിക്കുന്നത് തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നാണ്. തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | എസ് എം പ്ലൈ | 4 | രണ്ടാം അർദ്ധവർഷം |
| 2 | കുരീത്തടം ഓട്ടോമൈബൈൽസ് | 4 | ആദ്യ അർദ്ധവർഷം |
| 3 | രാഹുൽ ഗ്രാനൈറ്റ്സ് | 6 | ആദ്യ അർദ്ധവർഷം |
| 4 | മെതിപ്പാറ സോമിൽസ് | 3 | ആദ്യ അർദ്ധവർഷം |
| 5 | എച്ച്.എം.ട്രെയിനിംഗ് കോളേജ് | 10 | രണ്ടാം അർദ്ധവർഷം |
| 6 | ചാലക്കര സോമിൽസ് | 4 | ആദ്യ അർദ്ധവർഷം |

## 1-12 സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടക്കാത്തതു സംബന്ധിച്ച്

താഴെ പറയുന്ന സ്ഥാപനങ്ങളിലെ 2020-21 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നതു സംബന്ധിച്ച് 9/2020-21 തിയതി 23/07/21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി നൽകിയ സി2-1842/21 തിയതി 27/07/21 നം മറുപടിയിൽ അറിയിച്ചിരിക്കുന്നത് സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നാണ്. സ്ഥാപന തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|
| ആനിക്കാട് സർവ്വീസ് സഹകരണ ബാങ്ക് | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| ആവോലി കാർഷിക സഹകരണസംഘം | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| നിർമ്മല കോളേജ് സഹകരണസംഘം | ആദ്യ പകുതിയും, രണ്ടാം പകുതിയും |

## 1-13 കെട്ടിട നികുതി നിർണ്ണയിച്ചതിലെ അപാകത

വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിന് ഈടാക്കേണ്ട നിരക്കിനേക്കാൾ കുറഞ്ഞ നികുതി നിരക്ക് ഈടാക്കിയതുമൂലം 2020-2021 സാമ്പത്തിക വർഷത്തിൽ വസ്തു നികുതി നിർണ്ണയിച്ചതിൽ ഉണ്ടായ നഷ്ടം താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | വിസ്തീർണ്ണം | നിരക്ക് | അടിസ്ഥാന നികുതി | 10% ഇളവിനും 20% വർദ്ധനയ്ക്കും ശേഷം നിർണ്ണയിക്കേണ്ട നികുതി | നികുതി നിർണ്ണയിച്ച നിരക്ക് | വർദ്ധനയ്ക്ക് ശേഷം നിർണ്ണയിച്ച നികുതി | വാർഷിക നികുതി നഷ്ടം |
|---|---|---|---|---|---|---|---|---|
| 1 | 6/341 ജോസഫ് തോമസ് | 175.65 | 60 | 10539 | 11593 | 40 | 7730 | 3863 |

ഈ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്നതു സംബന്ധിച്ച് 14/2020-21 തിയതി 28/07/21 നം ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി പുനർനിർണ്ണയിച്ച് അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിന് യന്ത്രത്തിന്റെ കുതിരശക്തിക്കനുസൃതമായി ഫീസ് ചുമത്തിയിട്ടില്ല

2020-21 ലെ ലൈസൻസ് ഫയലുകൾ പരിശോധിച്ചതിൽ വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിന് യന്ത്രത്തിന്റെ കുതിരശക്തിക്കനുസൃതമായി ചുമത്താവുന്ന ഓരോ സ്ലാബിലുമുള്ള പരമാവധി ഫീസ് താഴെപറയുന്ന സ്ഥാപനങ്ങൾക്ക് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നതു സംബന്ധിച്ച് നല്കിയ 6/2020-21 തിയതി 21/07/21 നം ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും അല്ലാത്ത പക്ഷം ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

| ക്രമനം. | സ്ഥാപനത്തിന്റെ പേര് | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട ലൈസൻസ് ഫീ |
|---|---|---|---|
| 1 | എം എം ഫുഡ്സ് | 07 എച്ച് പി | 100 |
| 2 | അനൂപ് എഞ്ചിനിയറിങ്ങ് വർക്സ് | 05 എച്ച് പി | 50 |

.

## 1-15 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റ്/ലൈസൻസ് ലഭ്യമാക്കേണ്ടതാണ്

2020-21 ലെ ലൈസൻസ് ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനം പ്രവർത്തിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റ്/ലൈസൻസ് ഫയലിൽ കാണുന്നില്ലത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 3/2020-21 തിയതി 22/07/21 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ലൈസൻസ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമനം. | സ്ഥാപന ഉടമ | സ്ഥാപനത്തിന്റെ പേര് | ഹാജരാക്കേണ്ട സർട്ടിഫിക്കേറ്റ്/ലൈസൻസ് |
|---|---|---|---|
| 1 | റഷീദ കബീർ | ബിസ്മി ഹോംമെയ്ഡ് ഫുഡ്സ് | എഫ്.എസ്.എസ്.എ.ഐ. ലൈസൻസ് |

## 1-16 ലൈസൻസ് ഫീ ഈടാക്കിയതിലെ അപാകതകൾ

ജി.ഒ.(പി) നം.80/2017/എൽ.എസ്.ജി.ഡി / തീയതി 31.10.2017 ഉത്തരവ് പ്രകാരം വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും മറ്റു സംരംഭങ്ങൾക്കുമുള്ള ലൈസൻസ് ഫീ ഈടാക്കുന്നത് സ്ഥാപനത്തിന്റെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ്. മേൽ ഉത്തരവിൻ പ്രകാരം ഉൽപാദന മേഖലയിലും സേവനമേഖലയിലും ഉള്ള മൂലധനനിക്ഷേപത്തിന്റെ ഓരോ സ്ലാബിന്റേയും അടിസ്ഥാനത്തിൽ ഈടാക്കേണ്ട പരമാവധി ലൈസൻസ് ഫീ നിശ്ചയിച്ചിട്ടുണ്ട്.

2020-21 ലെ ലൈസൻസ് ഫീ രജിസ്റ്റർ പരിശോധിച്ചതിൽ വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തിക്കനുസൃതമായി ചുമത്താവുന്ന ഓരോ സ്ലാബിലുമുള്ള പരമാവധി ഫീസ് സ്ഥാപനങ്ങൾക്ക് വ്യത്യസ്തമായി ഈടാക്കുന്നതായി കണ്ടു.

ഉദാഹരണമായി വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന 40 കുതിരശക്തിവരെയുള്ള യന്ത്രത്തിന് ചുമത്താവുന്ന പരമാവധി ഫീസ് 400 രൂപ (ചട്ടങ്ങളിലെ പട്ടിക III പ്രകാരം) എന്നിരിക്കെ 40 കുതിരശക്തി വരെയുള്ള വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രമുള്ള ചാലക്കര സോമിൽ, മരങ്ങാട്ട് സോമിൽ എന്നീ സ്ഥാപനങ്ങളിൽ നിന്നും യന്ത്രത്തിന്റെ കുതിരശക്തിക്കനുസൃതമായ കൃത്യമായ തുക തന്നെ (400 രൂപ) ഈടാക്കുകയും, എന്നാൽ ഇതേ സ്ലാബിലുമുള്ള എച്ച് & എ സോമിൽ, മെതിപ്പാറ സോമിൽ എന്നീ സ്ഥാപനങ്ങളിൽ നിന്നും 500 രൂപ വീതവുമാണ് ഈടാക്കിയിരിക്കുന്നത്.(100 രൂപാ വീതം അധികം) ഒരേ മേഖലയിൽ ഒരേ സ്ലാബിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ഥ ഫീസ് ഈടാക്കുന്നത് പരാതികൾക്കിടയാക്കുമെന്നതിനാൽ ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടകാതെ ശ്രദ്ധിക്കേണ്ടതാണ്.

ഇതിനു വിശദീകരണം ലഭ്യമാക്കണമെന്നു സംബന്ധിച്ച് നൽകിയ 7/2020-21 തിയതി 22/07/21 നം ഓഡിറ്റ് എൻക്വയറിക്ക് മറുപടിയും, ലൈസൻസ് ഫീ നിരക്ക് നിശ്ചയിച്ചതു സംബന്ധിച്ചുള്ള കമ്മറ്റി തീരുമാനവും, ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-17 ലൈസൻസ് പുതുക്കിയതിന്റെ രേഖകൾ ലഭ്യമല്ല

ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾ 2020-2021 വർഷം ലൈസൻസ് പുതുക്കിയിട്ടുണ്ടെങ്കിൽ പുതുക്കിയതിന്റെ രേഖകൾ ലഭ്യമാക്കണമെന്നു സംബന്ധിച്ച് നൽകിയ 8/2020-21 തിയതി 21/07/21 നം ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് പുതുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും, ഭാവിയിൽ അപാകത ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതുമാണ്.

| ക്രമനം | സ്ഥാപന ഉടമ | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | ഷീല ടാർസൻ | മേക്കുന്നേൽ സ്റ്റോഴ്സ് |
| 2 | യൂസഫ് എ | രണ്ടാർ സ്റ്റോഴ്സ്സ് |
| 3 | ബിജോ ജോസഫ് | അഞ്ചുകണ്ടത്തിൽ ഹാർഡ് വെയേഴ്സ് |
| 4 | ജിനി സുരേഷ് | ക്യൂൻ മേരി ബുട്ടീക്ക് |
| 5 | രമ്യ വിജയൻ | എസ് കെ എസ് ബാഗ് |
| 6 | രാഹുൽ | റിഡിയോൺ പൊല്യൂഷൻ ടെസ്റ്റിങ്ങ് സെന്റർ |
| 7 | അനിത ജോസ് | സെന്റ് ജോർജ് പൌൾട്ടി ഫാം |
| 8 | സുനിത് എൻ എസ് | ഡിസൈനർ വാൾസ് |
| 9 | സിജോ കെ എം | ഓർക്കിസ് സോഡ |
| 10 | നസീറ ബിവി | ഫർഹാ ഫുഡ്സ് |
| 11 | പരീത് ടി കെ | സിംല ഫ്രൂട്ട്സ് |

## 1-18 കരാറുകാരന് അധിക തുക നല്കി

| | |
|---|---|
| പ്രോജക്ട് നം/ പേര് | 108/2020-21 / എസ്.സി വിഭാഗക്കാർക്ക് വാട്ടർടാങ്ക് |
| അടങ്കൽ | വികസന ഫണ്ട് (എസ്.സി.പി)- 50,000<br>തനത് ഫണ്ട്- - 4,000<br>ഗുണഭോക്ത വിഹിതം- - 18300<br>ആകെ 72,300 |
| ചെലവ് | ബിൽ നം.09/2020-21/18.03.2021- 41,600<br>ചെക്ക് നമ്പർ5344826/ 24.03.2021- 10,400<br>ആകെ - 52,000 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

വാട്ടർ ടാങ്കൊന്നിന് 3200 രൂപ വീതം 13 വാട്ടർ ടാങ്കുകൾ പഞ്ചായത്തിന് നൽകിയതിന് 41600 രൂപ വികസന ഫണ്ടിൽ നിന്നും 10,400 രൂപ ഗുണഭോക്ത വിഹിതവും ചേർത്ത് 52,000 രൂപ സജിത് കുമാർ, ക്യാപിറ്റൽ പോളിമേഴ്സ് തിരുവനന്തപുരം എന്നയാൾക്ക് നൽകിയിട്ടുണ്ട്. കരാറുകാരന് 13 വാട്ടർ ടാങ്കുകളുടെ വിലയായി 41600 (13 X 3200) രൂപയായിരുന്നു നൽകേണ്ടിയിരുന്നത്. സർക്കാർ ഉത്തരവ് (കൈ) നം.22/2018/ത.സ്വ.ഭ.വ. തീയതി 14.02.2018, 6.6.5 പ്രകാരം സബ്സിഡിയായി വാട്ടർ ടാങ്കിന്റെ വിലയുടെ 75% (പരമാവധി 3000 രൂപ) യാണ് വികസന ഫണ്ടിൽ നിന്ന് നൽകാവുന്നത്. ഇത് പ്രകാരം വികസന ഫണ്ടി (എസ്.സി.പി)ൽ നിന്നും 41600 രൂപയുടെ 75% ആയ 31200 രൂപയും ഗുണഭോക്തൃ വിഹിതമായ 10400 രൂപയും ചേർത്ത് 41600 രൂപയായിരുന്നു നൽകേണ്ടിയിരുന്നത്. എന്നാൽ സജിത് കുമാർ, ക്യാപിറ്റൽ പോളിമേഴ്സ് തിരുവനന്തപുരം എന്നയാൾക്ക് 10400 രൂപ അധികം നൽകി. വിശദാംശം ഭാഗം 3 ൽ ചേർക്കുന്നു. ചെലവിനാസ്പദമായ 41600/- രൂപയുടെ ബിൽ/ടാക്സ് ഇൻവോയ്സ് ഓഡിറ്റിൽ ഹാജരാക്കിയില്ല. ബിൽ/ടാക്സ് ഇൻവോയ്സ് ഹാജരാക്കുന്നതു വരെ 41600 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/28.07.21) അധികമായി ചെലവഴിച്ച തുക ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിൽ തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി തന്നിട്ടുണ്ട്.

## 1-19 റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ ടാറിംഗ് പ്രവൃത്തികൾ - ടാർ വീപ്പയുടെ വില തനത് ഫണ്ടിൽ നിൽക്കുന്നു

റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ മണിയാകുളംനെടുംതോട് വാച്ച് സ്റ്റേഷൻ റോഡ് പ്രവൃത്തിയുടെ ബില്ലിൽ നിന്നും ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നതിനു പകരം ടി തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലാണ് ഒടുക്കിയിരിക്കുന്നത്.ടാർ വീപ്പയുടെ വിലയിനത്തിൽ 5948 രൂപ രസീത് നമ്പർ 121010100610/ 15-01-21 പ്രകാരം ഒടുക്കിയിട്ടുണ്ട്.

ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട് / മെയിന്റനൻസ് ഗ്രാന്റ് ) അതേ ഫണ്ടിൽ ജി . ഒ.(പി) 77/06 ധനം12-04-06 ഉത്തരവ് ഖണ്ഡിക 3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്.മേൽപ്പറഞ്ഞ പ്രവൃത്തി റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയിട്ടുള്ളതിനാൽ ടി തുക ഗവൺമെന്റിലേക്ക് ഒടുക്കു വരുത്തേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 12/27.07.21 ന് ഗവൺമെന്റിലേക്ക് ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി തുക ഗവൺമെന്റിലേക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 തെരുവ് വിളക്കുകളുടെ പ്രവർത്തനം - പരാതി രജിസ്റ്റർ ലഭ്യമാക്കിയില്ല.

ഗ്രാമ പഞ്ചായത്തുകളിൽ തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ പൊതുജനങ്ങളിൽ നിന്നും മറ്റും സ്വീകരിക്കുന്നതിനും തുടർ നടപടികൾക്കുമായി നോഡൽ ഓഫീസറേയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതാണ്. (പഞ്ചായത്ത് ഡയറക്ടറുടെ 17.8.15 ലെ ജി2-44274/2015 നമ്പർ ഉത്തരവ്) തെരുവ് വിളക്ക് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും നോഡൽ ഓഫീസർ ഇത് മെയിന്റനൻസ് ടീമിന് കൈമാറേണ്ടതും പരിഹരിച്ച പരാതികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ള പരാതി രജിസ്റ്റർ, തുടർ നടപടി വിവരങ്ങൾ എന്നിവ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/28.7.21) സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതായി അറിയിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ പ്രഥമ പരിഗണന അർഹിക്കുന്ന തെരുവ് വിളക്കുകളുടെ പരിപാലനത്തിന് മേൽ സംവിധാനം അത്യാവശ്യമാണ്. ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-21 ജെന്റർ റിസോഴ്സ് സെന്ററിലേയ്ക്ക് ഫർണ്ണീച്ചർ - ഫർണ്ണീച്ചറിന്റെ സ്റ്റോക്ക്, വിതരണ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | 113/20 |
| പ്രോജക്ടിന്റെ പേര് | : | ജെന്റർ റിസോഴ്സ് സെന്ററിലേയ്ക്ക് ഫർണ്ണീച്ചർ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സെക്രട്ടറി |
| ചെലവ് വിവരം | : | 17530/- (മെയിന്റ. റോഡിതരം) |
| ബിൽ നം. | : | 1/23.5.2020 |

ജെന്റർ റിസോഴ്സ് സെന്ററിലേയ്ക്ക് ഫർണ്ണീച്ചർ വാങ്ങുന്നതിനായി തയ്യാറാക്കിയ പദ്ധതി പ്രകാരം ടെണ്ടർ ക്ഷണിക്കുകയും, കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സുപ്രീം സ്റ്റീൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയും പ്രകാരം ഫർണ്ണീച്ചറുകൾ വാങ്ങുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | സ്റ്റീൽ ടേബിൾ | 1 | 4200 |
| 2 | റിവോൾവിംഗ് ചെയർ | 1 | 3520 |
| 3 | സ്റ്റീൽ അലമാര | 1 | 9810 |

| | | | |
|---|---|---|---|
| | ആകെ | | 17530 |

വാങ്ങിയ ഫർണ്ണീച്ചറുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ടി ഇനങ്ങൾ ജെന്റർ റിസോഴ്സ് സെന്ററിലേയ്ക്ക് നൽകിയതിന്റെ രേഖകൾ, കൈപ്പറ്റ് വിവരം, പ്രസ്തുത സ്ഥാപനത്തിലെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണവും ആവശ്യമായ രേഖകളും ഹാജരാക്കുവാനാശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ ഫർണ്ണീച്ചർ സ്റ്റോക്കിൽ ചേർത്തിട്ടില്ലെന്നും, ജെന്റർ റിസോഴ്സ് സെന്റർ പ്രവർത്തിക്കുന്നതിനുള്ള സൗകര്യം പഞ്ചായത്തിന്റെ ഒന്നാം നിലയിൽ കോൺഫറൻസ് ഹാളിനോട് ചേർന്നാണെന്നും, നിലവിൽ കോവിഡ് സുരക്ഷയുടെ ഭാഗമായി സെന്റർ പ്രവർത്തിക്കാത്തതിനാൽ ഫർണ്ണീച്ചറുകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. ഫർണ്ണീച്ചറുകൾ സ്റ്റോക്കിൽ ചേർത്ത് സൂക്ഷിക്കേണ്ടതും, സ്ഥാപനം പ്രവർത്തനം ആരംഭിക്കുന്ന വേളയിൽ സ്ഥാപനത്തിന് കൈമാറുകയും ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-22 എസ് .എൽ .ഐ. പ്രീമിയം മിനിമം തുക അടയ്ക്കുന്നില്ല.

2019-20, 2020-21 വർഷങ്ങളിലെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും എസ്.എൽ.ഐ. പ്രീമിയം ഈടാക്കേണ്ട നിരക്കിനേക്കാൾ കുറവാണ് പിടിച്ചിരിക്കുന്നത്. 04-10-2016 ലെ സർക്കാർ ഉത്തരവ് (അച്ചടി) 146/2016 ധന നമ്പർ ഉത്തരവ് പ്രകാരം ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായി പ്രീമിയം വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ 2021 മാർച്ചിൽ മാറിയ ശമ്പള ബിൽ പരിശോധിച്ചതിൽ 3 ജീവനക്കാരുടെ പ്രീമിയം മേൽ സർക്കാർ ഉത്തരവിൽ നിഷ്കർ ഷിച്ചതിനേക്കാളും കുറവാണ്. പ്രീമിയം നിരക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടിസ്ഥാന ശമ്പളം 17999 വരെ | 200.00 |
| അടിസ്ഥാന ശമ്പളം 18000 മുതൽ 35699വരെ | 300.00 |
| അടിസ്ഥാന ശമ്പളം 35700 മുതൽ 55349 വരെ | 500.00 |
| അടിസ്ഥാന ശമ്പളം 55400 ന് മുകളിൽ | 600.00 |

പ്രീമിയം തുക കുറവായി അടയ്ക്കുന്നത് സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര് / തസ്തിക | അടിസ്ഥാന ശമ്പളം | അടവാക്കുന്ന പ്രീമിയം | അടവാക്കേണ്ട പ്രീമിയം | കുറവ് |
|---|---|---|---|---|---|
| 1 | ജോർജ്ജ്.ടി.ജെ. അക്കൗണ്ടന്റ് | 36600 | 400 | 500 | 100 |
| 2 | സി.പി.സുനിൽ, സീനിയർ ക്ളർക്ക് | 28500 | 200 | 300 | 100 |
| 3 | മിനി.വി.കെ., ഓഫീസ് അറ്റന്റൻറ് | 23400 | 250 | 300 | 50 |

ജീവനക്കാരുടെ എസ്.എൽ.ഐ. പ്രീമിയം കുറവായി അടവാക്കി വരുന്നതിന് വിശദീകരണം അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 1/15-07-2021) ലഭ്യമാക്കിയ മറുപടിയിൽ ശ്രീ. ജോർജ്ജ് ടി.ജെ. ക്ക് 50 വയസ്സ് കഴിഞ്ഞതിനാൽ പോളിസി പുതിയതായി എടുക്കേണ്ടതില്ല എന്നും, ബാക്കിയുള്ള രണ്ട് പേരുടെ പോളിസി പ്രീമിയം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നുള്ള റിക്കവറികൾ ക്രമ പ്രകാരം പിടിക്കുന്നുണ്ടെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

## 1-23 വെള്ളക്കരം - വലിയ തുക കുടിശ്ശികയായി നിൽക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള 238 ടാപ്പുകൾക്ക് പ്രതിമാസം 104125/- രൂപ നിരക്കിൽ വെള്ളക്കരം ഒടുക്കുന്നുണ്ട്. ഇതിനായി തനത് ഫണ്ടിൽ നിന്നും തുക ഒടുക്കുന്നുണ്ടെങ്കിലും വെള്ളക്കരം ഒടുക്കിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത വ്യക്തമല്ല. ഓഡിറ്റ് വർഷം വെള്ളക്കരം ഒടുക്കുന്നതിനായുള്ള പ്രൊജക്ട് പ്രകാരം 2 ലക്ഷം രൂപ റോഡിതര ഫണ്ടിൽ നിന്നും ഒടുക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയിൽ നിന്നുള്ള ഡിമാന്റ് നോട്ടീസ് പ്രകാരം 898808/- രൂപ 31.3.21 ൽ കുടിശ്ശിക ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. കുടിശ്ശിക തുകയ്ക്ക് പ്രതിമാസം 2% നിരക്കിലാണ് വാട്ടർ അതോറിറ്റി ഫൈൻ ചുമത്തുന്നത്. ഇത്രയും വലിയ കുടിശ്ശിക എപ്രകാരമുണ്ടായതാണെന്ന് വ്യക്തമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള 238 ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നുണ്ടെങ്കിലും നിലവിൽ എത്ര ടാപ്പുകൾ പ്രവർത്തനക്ഷമമാണ് എന്നത് സംബന്ധിച്ച വ്യക്തമായ ഒരു കണക്ക് പഞ്ചായത്തിൽ ലഭ്യമല്ല. ഇതുമായി ബന്ധപ്പെട്ട് പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയ റിപ്പോർട്ട്, പബ്ലിക് ടാപ്പുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ എന്നിവ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/28.7.21) ഹാജരാക്കിയ മറുപടിയിൽ വാട്ടർ അതോറിറ്റിയിൽ അറിയിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 ഗ്രാമ പഞ്ചായത്തിൽ ഫെറി നടത്തിപ്പ് – അപാകതകൾ

2019-20, 2020-21 വർഷങ്ങളിലെ തനത് ഫണ്ട് വൗച്ചർ പരിശോധിച്ചതിൽ, മൂന്ന് പേർക്ക് ഫെറി ചാർജ്ജ് ഇനത്തിൽ 12500/- രൂപ വീതം പ്രതിമാസം നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫെറിമാന്റെ പേര് | നൽകുന്ന തുക |
|---|---|---|
| 1 | മുഹമ്മദ് മൂസ | 12500.00 |
| 2 | മോഹനൻ ടി.എ. | 12500.00 |
| 3 | ബേബി ഇമ്മാനുവൽ | 12500.00 |

ഫെറി നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ചതിൽ ഫെറിമാൻമാർക്ക് ലൈസൻസ് ഇല്ലാതെയും, ഓപ്പറേറ്റ് ചെയ്യുന്ന യാനങ്ങൾക്ക് ഫിറ്റ്നെസ് ഇല്ലാതെയുമാണ് ഫെറി ഓപ്പറേറ്റ് ചെയ്യുന്നത്. ഗ്രാമപഞ്ചായത്തിലെ മൂന്ന് ഫെറികൾക്ക് പ്രതിമാസം 12500/-രൂപ വീതം ആണ് നൽകി വരുന്നത്. എന്നാൽ ടി തുക നൽകുന്നതിന് മാനദണ്ഡങ്ങൾ ഒന്നും സ്വീകരിച്ചതായി കണ്ടില്ല. ഫെറി ഓപ്പറേറ്റർമാർ, ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ്, ജലവിഭവ വകുപ്പ്, എറണാകുളത്തു നിന്നും ലൈസൻസ് ലഭ്യമാക്കേണ്ടതാണ്. ഫെറി നടത്തിപ്പിലെ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/15.07.2021) ലഭ്യമാക്കിയ മറുപടിയിൽ കഴിഞ്ഞ 28 വർഷത്തിലേറെയായി തുടരുന്ന കടത്ത് സർവ്വീസ് ആണെന്നും, വർഷാവർഷം ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ തുക രേഖപ്പെടുത്തുന്നവർക്ക് കടത്ത് നടത്തുന്നതിന് അനുവാദം നൽകുകയുമാണ് ചെയ്യുന്നത് എന്നും അറിയിച്ചിട്ടുണ്ട്. മറുപടിയായി ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ ബേബി ഇമ്മാനുവൽ എന്നയാൾ ഓപ്പറേറ്റ് ചെയ്യുന്ന യാനത്തിന്റെ ഫിറ്റ്നെസ് 30.09.2017 ൽ അവസാനിച്ചതായാണ് കാണുന്നത്. മറ്റ് രണ്ട് യാനങ്ങളുടെ ഫിറ്റ്നെസ് 31.03.2021 ൽ അവസാനിച്ചിട്ടുള്ളതുമാണ്. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ ഫെറി ഓപ്പറേറ്റ് ചെയ്യുന്നതിന് ലൈസൻസ്, ഫിറ്റ്നെസ് എന്നിവ ഉണ്ടെന്ന് ഉറപ്പാക്കേണ്ടതും, ഫെറി ഓപ്പറേറ്റർമാർക്ക് തുക നൽകുന്നതിന് മത്സരസ്വഭാവത്തോടെ ക്വട്ടേഷൻ ക്ഷണിച്ച് നടപ്പാക്കേണ്ടതുമാണ്.

## 1-25 ഫാമിലി ഹെൽത്ത് സെന്ററിന് വിഹിതം നൽകൽ -

| | |
|---|---|
| പ്രോജക്ട് നമ്പർ | 188/21 |
| പ്രോജക്ടിന്റെ പേര് | ഫാമിലി ഹെൽത്ത് സെന്ററിന് വിഹിതം നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് വിവരം | 500000/- (മെയിന്റ. റോഡിതരം) |
| ബിൽ നം. | 15/24.1.2021 |

പ്രൈമറി ഹെൽത്ത് സെന്ററുകൾ ഫാമിലി ഹെൽത്ത് സെന്റർ ആക്കുന്നതിലേയ്ക്കുള്ള ഗ്രാമപഞ്ചായത്ത് വിഹിതമായി 500000/- രൂപ ആരോഗ്യ കേരളം- എറണാകുളം ജില്ലാ ഹെൽത്ത് & ഫാമിലി വെൽഫെയർ സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത രേഖകൾ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള പക്ഷം ആയത് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 സർക്കാർ ഉത്തരവിന് വിരുദ്ധമായി താത്ക്കാലിക നിയമനം നടത്തി

ഗ്രാമ പഞ്ചായത്തിലെ എൽ.എസ്.ജി.ഡി. വിഭാഗത്തിൽ ഓവർസിയർക്ക് (താത്ക്കാലിക നിയമനം ) ചുവടെ ചേർക്കുന്ന പ്രകാരം 2019-20,2020-21 വർഷങ്ങളിൽ വേതനം നൽകിയിട്ടുണ്ട്.

| ക്രമനം | ജീവനക്കാരന്റെ പേര് | വേതനം നൽകിയ മാസങ്ങൾ | നൽകിയ വേതനം | ബിൽ രജിസ്റ്റർ പേജ് |
|---|---|---|---|---|
| 1 | ലീബാ ജോർജ്ജ് | 03/2019 | 19355.00 | 1 |
| 2 | ലീബാ ജോർജ്ജ് | 04/2019 | 19333.00 | 4 |
| 3 | ആലീസ് | 8/2019 | 19355.00 | 24 |

| | | | | |
|---|---|---|---|---|
| 4 | ആലീസ് | 9/2019 | 20000.00 | 28 |
| 5 | ആലീസ് | 10/2019 | 20000.00 | 35 |
| 6 | ആലീസ് | 11/2019 | 18667.00 | 40 |
| 7 | ആലീസ് | 12/2019 | 20000.00 | 45 |
| 8 | ആലീസ് | 1/2020 | 16129.00 | 51 |
| 9 | ആലീസ് | 02/2020 | 17931.00 | 58 |
| 2020-21 | | | | |
| 10 | ആലീസ് | 03/2020 | 20000.00 | 1 |
| 11 | ആലീസ് | 04/2020 | 20000.00 | 4 |
| 12 | ആലീസ് | 05/2020 | 20000.00 | 10 |
| 13 | ആലീസ് | 06/2020 | 20000.00 | 18 |
| 14 | ആലീസ് | 07/2020 | 20000.00 | 24 |
| 15 | ആലീസ് | 09/2020 | 20000.00 | 34 |
| 16 | ആലീസ് | 10/2020 | 20000.00 | 40 |
| 17 | ആലീസ് | 11/2020 | 20000.00 | 44 |
| 18 | ആലീസ് | 12/2020 | 20000.00 | 49 |
| 19 | ആലീസ് | 01/2021 | 20000.00 | 54 |
| 20 | ആലീസ് | 02/2021 | 20000.00 | 59 |

1. ഏത് ഉത്തരവ് മാനദണ്ഡമാക്കിയാണ് 2019-20, 2020-21 വർഷങ്ങളിൽ ഓവർസിയർമാരെ നിയമിച്ചത് എന്നത് സംബന്ധിച്ചും ,

2. നിയമിക്കാൻ വേണ്ടിയുള്ള കമ്മിറ്റി തീരുമാനം,

3. ഓവർസിയർ നിയമനം നടത്തുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ വിവരം അറിയിച്ചത് സംബന്ധിച്ചും വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 5/16-07-2021 ന് ലഭ്യമാക്കിയ മറുപടിയിൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ (ഇ ഡബ്ല്യു) വകുപ്പിന്റെ 23-12-2013 തീയതിയിലെ സ.ഉ.(സാധാ)നം. 3141/13/ത.സ്വ.ഭ.വ ഉത്തരവിന്റെയും ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ആണ് ഓവർസിയറെ നിയമിച്ചത് എന്ന് അറിയിച്ചിട്ടുണ്ട്. നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.

ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനും വേതനം നൽകുന്നത് സംബന്ധിച്ചും 26.02.2016 ൽ സ.ഉ.(അച്ചടി) 28/2016/ ധന. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം ദിവസവേതന / കരാർ നിയമനങ്ങൾ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി മാത്രമെ നടത്താവൂ എന്നും ഇത്തരത്തിൽ 179 ദിവസത്തേക്ക് മാത്രമേ നിയമനം നടത്താവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. മാത്രമല്ല സർക്കാർ നിയന്ത്രണത്തിലുള്ള പൊതുസ്ഥാപനങ്ങളിൽ, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ വരാത്ത ഒഴിവുകളിലേക്ക് 1959 ലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ്) ആക്റ്റിന് വിധേയമായി മാത്രമെ നിയമനം നടത്താവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ നിയമനം നടത്താൻ വേണ്ടി ഗ്രാമ പഞ്ചായത്ത് ആധാരമാക്കി എന്ന് പറയുന്ന സർക്കാർ ഉത്തരവ് പ്രകാരം ഓവർസിയറുടെ ഒഴിവ് സംബന്ധിച്ച വിവരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തണമെന്നും, കാല താമസം ഉണ്ടാവുകയാണെങ്കിൽ താത്ക്കാലികമായി ദിവസ വേതനാടിസ്ഥാനത്തിൽ നികത്താനും ആണ് പറഞ്ഞിട്ടുള്ളത്. എന്നാൽ 2019-20,2020-21 വർഷം ഓവർസിയറെ നിയമിച്ചിരിക്കുന്നത് മേൽ നിബന്ധനകൾ പാലിക്കാതെയാണ്.

1. ഓവർസിയറുടെ ഒഴിവ് സംബന്ധിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രേഖാമൂലം അറിയിച്ചിട്ടില്ല.

2. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും കാല താമസം വരികയാണേൽ നിയമനം ദിവസ വേതനാടിസ്ഥാനത്തിൽ ആണ് നടത്തേണ്ടത്. എന്നാൽ മേൽ നിയമനം ദിവസ വേതനത്തിലല്ല നടത്തിയത് .

3. ഇത്തരത്തിൽ താത്ക്കാലിക നിയമനം 179 ദിവസത്തേക്ക് മാത്രമേ നടത്താവൂ എന്ന് 26.02.2016 ൽ സ.ഉ.(അച്ചടി) 28/2016/ ധന. നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഓവർസിയറെ നിയമിച്ചത് തുടർച്ചയായിട്ടാണ്.

2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും താത്ക്കാലിക നിയമനം സംബന്ധിച്ച പരാമർശം ഉള്ളതാണ്.

ആയതിനാൽ ഭാവിയിൽ താൽക്കാലിക നിയമനങ്ങൾ നടത്തുമ്പോൾ സർക്കാർ അനുമതിയോടുകൂടി മാത്രം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതി, സെക്രട്ടറി, എന്നിവയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-27 അംഗനവാടി പൂരക പോഷകാഹാരം - പ്രൊജക്ട് അടങ്കലിൽ കൂടുതൽ തുക ചെലവാക്കി

| | |
|---|---|
| പ്രൊജക്ട് നം./ | S094/2020-21/അംഗനവാടി പൂരക |

| | |
|---|---|
| പേര് | പോഷകാഹാരം |
| അടങ്കൽ തുക | 1900000.00 |
| ചെലവ് | 1900000.00 |
| ബിൽ നം. | 1/2020-21 - 649000.00<br>തനത് ഫണ്ട് - 551000.00(15-03-2021)<br>കേന്ദ്ര ഫണ്ട്- 376164.00(11-11-2020)<br>,, 323836.00(20-03-2021)<br>ആകെ - 1900000.00 |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർ വൈസർ |

ഈ പ്രൊജക്ടിന്റെ ആകെ അടങ്കൽ 1900000.00 ആണെന്നിരിക്കെ നിർവ്വഹണ ഉദ്യോഗസ്ഥ സമർപ്പിച്ച ബില്ലുകൾ പ്രകാരം അടങ്കലിനേക്കാൾ കൂടുതൽ തുക നൽകാനുള്ളതായി കണ്ടു. നിലവിൽ പ്ലാൻ ഫണ്ട്+ തനത് ഫണ്ട്+കേന്ദ്രാവിഷ്കൃത ഫണ്ട് എന്നിവ ചേർത്തുള്ള തുകയേക്കാൾ കൂടുതൽ തുകയ്ക്ക് സാധനങ്ങൾ വാങ്ങി വിതരണം ചെയ്തതായും, ബില്ലുകൾ Partial ആയി നൽകി പിന്നീട് നൽകുകയും ചെയ്തിട്ടുണ്ട്.

പ്രൊജക്ട് അടങ്കലിനേക്കാൾ കൂടുതൽ തുകയുടെ സാധനങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇതിന് വേണ്ടി പ്രൊജക്ട് റിവൈസ് ചെയ്യാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.15/28.07.2021 ന് ലഭ്യമാക്കിയ മറുപടിയിൽ ആകെ 345636/- രൂപയാണ് 31-03-2021 ൽ സപ്ലൈക്കോക്ക് നൽകാനുള്ളത് എന്ന് അറിയിച്ചിട്ടുണ്ട്. പ്രൊജക്ട് അടങ്കലിനേക്കാൾ കൂടുതൽ തുക ആവശ്യമായി വന്നത് കോവിഡ് - 19 കാരണമാണെന്നും അറിയിച്ചിട്ടുണ്ട്. പ്രൊജക്ട് റിവൈസ് ചെയ്യാൻ കഴിയാതിരുന്നത് 2021 മാർച്ച് മാസം ഇലക്ഷൻ പ്രഖ്യാപിച്ചത് കാരണമാണെന്നും അറിയിച്ചത് അംഗീകരിക്കുന്നു. 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം 152113.00 രൂപ ബാക്കി നിൽക്കെ തുക ബാദ്ധ്യതയാക്കി ചെലവഴിച്ചത് വരും വർഷങ്ങളിലെ പ്രൊജക്ട് നിർവ്വഹണത്തെ ബാധിക്കുകയും, കേന്ദ്ര വിഹിതം ഉൾപ്പെടെ ലഭ്യമാകുന്നതിൽ കുറവ് വരികയും ചെയ്യുമെന്നതിനാൽ വളരെ പ്രാധാന്യത്തോടെ നിർവ്വഹണം നടത്തേണ്ട – അംഗനവാടി പൂരക പോഷകാഹാരം എന്ന പ്രൊജക്ട് ആസൂത്രണത്തിലും, നിർവ്വഹണത്തിലും വേണ്ടത്ര ശ്രദ്ധ കൊടുത്തിട്ടില്ല എന്ന് വ്യക്തമാകുന്നു. ഗ്രാമ പഞ്ചായത്തിലെ ആവശ്യകത മനസ്സിലാക്കി പ്രൊജക്ടുകൾ തയ്യാറാക്കാനും നിർവ്വഹണം നടത്താനും ഐ.സി.ഡി.എസ് സൂപ്പർവൈസർ ശ്രദ്ധിക്കേണ്ടതാണ്. പ്രൊജക്ടുകൾ ആവശ്യം വരുന്ന സമയങ്ങളിൽ റിവൈസ് ചെയ്യുന്നതിന് സെക്രട്ടറി വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ബില്ലുകൾ യഥാവിധി സൂക്ഷിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 എസ്.എസ്.എ വിഹിതം -ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം/ പേര് | 57/20-21 / എസ്.എസ്.എ വിഹിതം |
| അടങ്കൽ | 5,00,000 (വികസന ഫണ്ട്- പൊതുവിഭാഗം) |
| ചെലവ് | ബിൽ നം.94/05.10.2020- 5,00,000 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ്. കാവന |

2020-21 ൽ എസ്.എസ്.എ വിഹിതമായി 5,00,000 രൂപ ജില്ലാ പ്രോജക്ട് ഓഫീസറുടെ കാനറാ ബാങ്കിലുള്ള അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-29 ഓഡിറ്റ് ഇംപാക്ട്

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കല്ലിക്കടിയിൽ നടപ്പാത നവീകരണം |
| തോപ്രോജക്ട് നമ്പർ | S0140/20 |
| അടങ്കൽ തുക | 263000 |
| കരാറുകാരന്റെ പേര് | ബെയ്സി ജോർജ്ജ് |
| ചെയ്ത വേലയുടെ മൂല്യം | 221408 |
| അളവു പുസ്തകം | 162/19-20 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| ചെലവു വിവരം | ബിൽ നം 19/11-04-2020 രൂപ – 221408/- |

ടി പ്രവൃത്തിയിൽ കോൺക്രീറ്റിൽ 19മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തി നിർമ്മിച്ചിട്ടുണ്ട്. ഇതിന്റെ ഫൌണ്ടേഷൻ M10 ഗ്രേഡിലും (1:3:6) ഭിത്തി M15 ഗ്രേഡിലുമാണ് (1:2.5:5) ചെയ്തിരിക്കുന്നത്.M15 ഗ്രേഡിൽ ഭിത്തി നിർമ്മിച്ചതിന് 7.843 $M^3$ ന് 7732.64/$M^3$ (കോസ്റ്റ് ഇൻഡക്സ് - 39.89) നിരക്കിൽ 60647/- രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന് അനുവദനീയമായ നിരക്ക് 7310.84/$M^3$ ആണ്.

| ഇനം | അനുവദനീയമായ നിരക്ക് |
|---|---|
| അടിസ്ഥാന നിരക്ക് | 4319.13 |
| ഓവർഹെഡ് ചാർജജ് (10%) | 431.91 |
| സി.പി (10%) | 475.10 |
| കോസ്റ്റ് ഇൻഡക്സ് (39.89) | 2084.70 |
| ആകെ | 7310.84/$M^3$ |

M15 ഗ്രേഡിലുള്ള കോൺക്രീറ്റിംഗ് ചെയ്തതിന് അനുവദിച്ച തുകയുടേയും അധികം നൽകിയതിന്റേയും വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| അനുവദിച്ച തുക | 7.843 $M^3$ @ 7732.64 = 60647 |
| അർഹമായ തുക | 7.843 $M^3$ @ 7310.84 = 57339 |
| അധികം | 3308 + 397( 12%GST) =3705 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 12 ന്റെ അടിസ്ഥാനത്തിൽ 121010100694/29-07-21 നമ്പർ രസീത് പ്രകാരം 3308/- രൂപ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. GST ഇനത്തിൽ നൽകിയ തുക കൂടി കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -2

### 2-1 കെട്ടിട നികുതി നിർണ്ണയിച്ചതിലെ അപാകത

വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിന് കുറഞ്ഞ നികുതി നിരക്ക് ഈടാക്കിയതുമൂലം 2020-2021 സാമ്പത്തിക വർഷത്തിൽ വസ്തു നികുതി നിർണ്ണയിച്ചതിൽ ഉണ്ടായ നഷ്ടം താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | വിസ്തീർണ്ണം | നിരക്ക് | അടിസ്ഥാന നികുതി | 10 % ഇളവിനും 20 %വർധനയ്ക്കും ശേഷം നിർണ്ണയിക്കേണ്ട നികുതി | നികുതി നിർണ്ണയിച്ച നിരക്ക് | വർധനയ്ക്ക്ശേഷം നിർണ്ണയിച്ച നികുതി | വാർഷിക നികുതി നഷ്ടം |
|---|---|---|---|---|---|---|---|---|
| 1 | 6/341 ജോസഫ് തോമസ് | 175.65 | 60 | 10539 | 11593 | 40 | 7730 | 3863 |

2020-21 രണ്ടാം അർദ്ധ വർഷത്തിലാണ് വാണിജ്യ ആവശ്യത്തിനുള്ള മേൽ കെട്ടിടത്തിന്റെ അസസ്സ്മെന്റ് നടത്തിയിട്ടുള്ളത്. (അസസ്സ്മെന്റ് തീയതി 05/10/2020). കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കിയതുമൂലം രണ്ടാം അർദ്ധ വർഷത്തെ വസ്തു നികുതി രസീതു നം 120010104073 തിയതി 20/03/21 പ്രകാരം 3865/-രൂപയാണ് പഞ്ചായത്ത് ഈടാക്കിയത് (7730/- രൂപയുടെ പകുതി). 2020-21 രണ്ടാം അർദ്ധ വർഷത്തിൽ ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി 5797/-രൂപയാണ്. രണ്ടാം അർദ്ധ വർഷത്തിൽ നികുതിയിനത്തിലെ വരുമാന നഷ്ടം (5797-3865)=1932/-രൂപ

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്നു സംബന്ധിച്ച് നൽകിയ 14/2020-21 തിയതി 28/07/21 നം ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി പുനർനിർണ്ണയിച്ച് അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -3

### 3-1 കരാറുകാരന് അധിക തുക നല്കി

| | |
|---|---|
| പ്രോജക്ട് നം/ പേര് | 108/2020-21 / എസ്.സി വിഭാഗക്കാർക്ക് വാട്ടർടാങ്ക് |
| അടങ്കൽ | വികസന ഫണ്ട് (എസ്.സി.പി)- 50,000 |

| | |
|---|---|
| | തനത് ഫണ്ട്- - 4,000<br>ഗുണഭോക്ത വിഹിതം- - 18300<br>ആകെ 72,300 |
| ചെലവ് | ബിൽ നം.09/2020-21/18.03.2021- 41,600<br>ചെക്ക് നമ്പർ5344826/ 24.03.2021- 10,400<br>ആകെ - 52,000 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

വാട്ടർ ടാങ്കൊന്നിന് 3200 രൂപ വീതം 13 വാട്ടർ ടാങ്കുകൾ പഞ്ചായത്തിന് നൽകിയതിന് 41600 രൂപ വികസന ഫണ്ടിൽ നിന്നും, 10,400 രൂപ ഗുണഭോക്ത വിഹിതവും ചേർത്ത് 52,000 രൂപ സജിത് കുമാർ, ക്യാപിറ്റൽ പോളിമേഴ്സ് തിരുവനന്തപുരം എന്നയാൾക്ക് നൽകിയിട്ടുണ്ട്. കരാറുകാരന് 13 വാട്ടര് ടാങ്കുകളുടെ വിലയായി 41600 (13 X 3200) രൂപയായിരുന്ന നൽകേണ്ടിയിരുന്നത്. സർക്കാർ ഉത്തരവ് ( കൈ) നം.22/2018/ത.സ്വ.ഭ.വ. തീയതി 14.02.2018, 6.6.5 പ്രകാരം സബ്സിഡിയായി വാട്ടർ ടാങ്കിന്റെ വിലയുടെ 75% (പരമാവധി 3000 രൂപ) യാണ് വികസന ഫണ്ടിൽ നിന്ന് നൽകാവുന്നത്. ഇത് പ്രകാരം വികസന ഫണ്ടി (എസ്.സി.പി)ൽ നിന്നും 41600 രൂപയുടെ 75% ആയ 31200 രൂപയും ഗുണഭോക്തൃ വിഹിതമായ 10400 രൂപയും ചേർത്ത് 41600 രൂപയായിരുന്ന നൽകേണ്ടിയിരുന്നത്. എന്നാൽ സജിത് കുമാർ, ക്യാപിറ്റൽ പോളിമേഴ്സ് തിരുവനന്തപുരം എന്നയാൾക്ക് 10400 രൂപ വികസന ഫണ്ടിൽ നിന്നും അധികം നൽകി. ഈ തുക തിരികെ വാങ്ങി കൺസോളിഡേറ്റഡ് ഫണ്ടിലൊടുക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 33600 | നെൽകൃഷി വികസനം | 33600 | -- |
| | | 250000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 250000 | -- |
| | | 50000 | സമഗ്ര പച്ചക്കറി വികസനം | 50000 | -- |
| | | 200000 | പാൽ സബ്സിഡി | 200000 | -- |
| ജില്ലാ പഞ്ചായത്ത് | 2020-21 | 74000 | പാൽ സബ്സിഡി | 74000 | -- |
| | | 143480 | നെൽകൃഷി വികസനം | 143480 | -- |
| | | 72000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 72000 | -- |
| | | 200000 | ലൈഫ് ഭവനം | 200000 | -- |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണം | ജി.ഒ.6105/2019/ ധനം/ 1.08.2019 | -- | 35482668 | 2780313 | | 32702355 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 60208205 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 60852800 |
| വരവിനങ്ങളിലുള്ള നഷ്ടം | 1932 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10400 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1041600 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 1932 | | ശ്രീമതി.ഷൈബ ഗോപാൽ, സെക്രട്ടറി |
| 3-1 | | 10400 | ശ്രീമതി. സുനിത.എസ്, അസി.സെക്രട്ടറി |
| ആകെ | 1932 | 10400 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 41600 | ശ്രീമതി. സുനിത.എസ്, അസി.സെക്രട്ടറി |
| 1-25 | 500000 | ശ്രീമതി.ഷൈബ ഗോപാൽ, സെക്രട്ടറി |

| | | |
|---|---|---|
| 1-28 | 500000 | ശ്രീമതി.ലീല.പി.പി, എച്ച്.എം, ജി.എൽ.പി.എസ്, കാവന |
| ആകെ | 1041600 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ശ്രീമതി.ഷൈബ ഗോപാൽ, സെക്രട്ടറി | വിരമിച്ചു | മാവേലിൽ ഹൗസ്, തൃക്കാലത്തൂർ.പി.ഒ |
| 2 | സുനിത.എസ്, അസി.സെക്രട്ടറി | -- | സൗമ്യ ഹൗസ്, LBSRA-70, തിരുവാങ്കുളം, 682306 |
| 3 | ശ്രീമതി.ലീല.പി.പി. എച്ച്.എം, ജി.എൽ.പി.എസ്, കാവന | എച്ച്.എം, ജി.എൽ.പി.എസ്, കാവന | ചാലിൽ പുത്തൻപുരയിൽ, പെരുമ്പല്ലൂർ.പി.ഒ |

## 4-11 തീർപ്പാക്കുവാൻ ശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1972-73 | എൽ.എഫ്.ഇ.(പി.4)258/86/ 13-01-1987 | |
| 1982-83 | എൽ.എഫ്.ഇ. (പി.4)1534/8624-04-1987 | |
| 1983-84 | എൽ.എഫ്.ഇ.(പി.4)2383/87/ 10-02-1988 | |
| 1984-85 | എൽ.എഫ്.ഇ.(പി.4)126/88/ 13-05-1988 | |
| 1985-86 | എൽ.എഫ്.ഇ.(പി.4)346/89 / 21-08-1989 | |
| 1986-87 | എൽ.എഫ്.ഇ.(പി.4)609/91/ 6-06-1991 | |
| 1987-88 | എൽ.എഫ്.ഇ.(പി.4)1122/91/ 17-01-1992 | |
| 1988-89, 1989-90 | എൽ.എഫ്.ഇ.(പി.4)258/86 / 13-01-1993 | |
| 1990-91, 1991-92 | എൽ.എഫ്.ഇ.(പി.4)434/93 / 31-10-1995 | |
| 1992-93 | എൽ.എഫ്.ഇ.(പി.3)445/96 / 19-07-1996 | |
| 1996-97 ചെലവ് | എൽ.എഫ്.ഇ.(പി.5)1150/97/ 19-04-1999 | |
| 1997-98, 1998-99 | എൽ.എഫ്.ഇ.(പി.5)1059/02 / 2-12-2002 | |

| | | |
|---|---|---|
| 1999-00 പ്ലാൻ | എൽ.എഫ്.ഇ.(പി.5)183/05 / 17-08-2005 | |
| 1996-97 വരവ് | എൽ.എഫ്.ഇ.(പി.5)1213/7/ 12-02-2008 | |
| 1997-98 | എൽ.എഫ്.ഇ.(പി.5)1214/07/ 12-02-2008 | |
| 1998-99 | എൽ.എഫ്.ഇ.(പി.5)1215/07/ 12-02-2008 | |
| 2000-01 | കെ.എസ്.എ.ഇ.കെ.എം.(പി.8) 718 (1) /2018/10.719 | 1 |
| 2003-04 | കെ.എസ്.എ.ഇ.കെ.എം.(പി.8) 718 (4) /2018/10.719 | 3 |
| 2004-05 | കെ.എസ്.എ.ഇ.കെ.എം.(പി.8) 718 (5) /2018/10.719 | 8 |
| 2005-06, 2006-07, 2007-08, 2008-09 | എൽ.എഫ്.ഇ.(പി.5)180/09 / 14-05-2010 | |
| 2009-10, 2010-11, 2011-12 | എൽ.എഫ്.ഇ.(പി.8)689/13 / 25-11-2013 | |
| 2012-13, 2013-14 | എൽ.എഫ്.ഇ.(പി.8)1791/14/ 15-12-2014 | |
| 2014-15 | എൽ.എഫ്.ഇ.(പി.8)1193/16/ 19-07-2016 | |
| 2015-16 | കെ എസ് എ (ഇ.കെ.എം) (പി.8)1905/16/ 28-11-2016 | |
| 2016-17 | കെ എസ് എ-(ഇ.കെ.എം)(പി.8) 2181/17/ 29-11-2017 | |
| 2017-18 | കെ എസ് എ -ഇ.കെ.എം(പി.8) 1170/19/ 02.08.2019 | 16 |
| 2018-19 | കെ എസ് എ -ഇ.കെ.എം(പി.8) 123/19/ 14.02.2020 | 24 |
| 2019-20 | കെ.എസ്.എ.-ഇ.കെ.എം.(പി8) 984/2021 തീയതി | എല്ലാ ഖണ്ഡികകളും |

.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ആവോലി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ആവോലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്